# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1452**

**06-03-2018** ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. കെ. ആൻസലൻ | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| ശ്രീ. ജോൺ ഫെർണാണ്ടസ് | : | |
| ശ്രീ. എൻ. വിജയൻ പിള്ള | : | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി കരാർ പ്രകാരമുള്ള സമയരേഖ പ്രകാരം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി, പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കരാർ പ്രകാരം നിർമ്മാണ വസ്തുക്കൾ കണ്ടെത്തേണ്ടത് കൺസഷണർ കമ്പനി തന്നെ ആയതിനാൽ നിർമ്മാണ വസ്തുക്കളുടെ അഭാവത്തിന്റെ പേരിൽ കമ്പനി നിർമ്മാണ പ്രവർത്തനം മന്ദീഭവിപ്പിക്കാതിരിക്കാൻ വേണ്ട മേൽനോട്ടം നടക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ; | (ബി) | ഉണ്ട്. Mines and Minerals (Development & Regulation) Act-ൽ വന്നിട്ടുള്ള ഭേദഗതി മൂലം പാറ ലഭിക്കുന്നതിനുള്ള പ്രയാസം നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തുന്നുണ്ട്. പാറ ലഭിക്കുന്നതിനുള്ള പ്രയാസം പരിഹരിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം ജില്ലാ കളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തമിഴ് നാട്ടിൽ നിന്നും പാറ കൊണ്ടുവരുന്നതിനുള്ള നടപടികൾ അദാനി വിഴിഞ്ഞം പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉപജീവനാഘാത വിലയിരുത്തൽ സമിതി (എൽ.ഐ.എ.സി) അന്തിമ റിപ്പോർട്ട് സമർപ്പിച്ചോ ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവാസത്തിനായി ചെയ്ത പ്രവർത്തനങ്ങൾ അറിയിക്കാമോ ? | (സി) | ഉപജീവനാഘാത വിലയിരുത്തൽ സമിതി (എൽ. ഐ. എ.സി) ജീവനോപാധി നഷ്ടപ്പെട്ടവരുടെ റിപ്പോർട്ട് മത്സ്യഗ്രാമങ്ങളുടെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായാണ് തയ്യാറാക്കുന്നത്. ജീവനോപാധി നഷ്ടപരിഹാരം നിർണ്ണയം സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ആയിട്ടില്ല. ഇതുവരെ തയ്യാറാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നാളിതുവരെ ചിപ്പി / ലോബ്സ്റ്റർ, കരമടി എന്നീ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 424 പേർക്ക് കോട്ടപ്പുറം, മുല്ലൂർ, ഹാർബർ വാർഡ് തുടങ്ങിയ പ്രദേശങ്ങളിൽ 22.1 കോടി രൂപയും റിസോർട്ടുകളിൽ പണിയെടുത്തിരുന്ന 211 തൊഴിലാളികൾക്കായി 6.08 കോടി രൂപയും വിതരണം ചെയ്തു. ബാക്കിയുള്ള അർഹരായ അപേക്ഷകരെ കണ്ടെത്തുന്നതിനായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ഒരു പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് പ്രവർത്തനം നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**